മാതൃഭൂമി • 2010 ഡിസംബർ 4 • ശനിയാഴ്ച

# വനിതകൾക്ക് തൊഴിലവസരവുമായി വെബ്സൈറ്റ്

**ചെന്നൈ:** വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സ്വകാര്യ ഏജൻസിയായ അവതാർ കരിയർ ക്രിയേറ്റേഴ്സ് പ്രത്യേക വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. വീട്ടിലും ഓഫീസിലുമുണ്ടാകുന്ന മാനസിക സമ്മർദങ്ങൾ കാരണം ജോലിക്ക്പോകാതിരിക്കുന്ന വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് www.avtariwin.com. എന്ന വെബ്സൈറ്റ് തുടങ്ങിയതെന്ന് അവതാർ കരിയർ ക്രിയേറ്റേഴ്സ് സ്ഥാപക പ്രസിഡൻറ് സൗന്ദര്യ രാജേഷ് പറഞ്ഞു. വനിതകൾക്ക് വീട്ടിലിരുന്നുകൊണ്ടു തന്നെ ജോലി ചെയ്യാനുള്ള സൗകര്യമാണ് ഒരുക്കുന്നത്. വെബ്സൈറ്റിൽ ചെറുകിട വ്യവസായ സംരംഭങ്ങളും ചെറുകിട സോഫ്റ്റ്വേർ കമ്പനികളും രജിസ്റ്റർ ചെയ്യും. കമ്പനികൾ അവരുടെ തൊഴിലവസരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. വനിതകൾക്ക് സൗകര്യംപോലെ ജോലി ചെയ്യാം. ജോലി ചെയ്യുന്ന മണിക്കൂറുകൾക്കനുസരിച്ച് പ്രതിഫലം ലഭിക്കും. ഓൺലൈൻ വഴിയോ ഫോൺ വഴിയോ ജോലി ചെയ്യാം- സൗന്ദര്യ രാജേഷ് പറഞ്ഞു. വീട്ടിലിരുന്ന്, സമയലഭ്യതയ്ക്കനുസരിച്ച് തൊഴിൽ ചെയ്യാൻ അവസരമില്ലാത്തതിനാൽ, വനിതകളുടെ അമ്പത് ശതമാനം ക്രയശേഷിയും ഇപ്പോൾ നഷ്ടപ്പെടുകയാണ്. യുവതികളിൽ ഭൂരിഭാഗവും മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. പല പ്രശ്നങ്ങൾ കാരണം ഇവരുടെ ശേഷി ഉപയോഗിക്കാൻ കഴിയുന്നില്ല- സൗന്ദര്യ രാജേഷ് പറഞ്ഞു.




വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തപ്പോൾ

MATHURBOOMI